"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉപഭോക്തൃകാര്യ വകുപ്പ് — ലീഗൽ മെട്രോളജി വകുപ്പ് — ഇൻസ്പെക്ടർ / അസിസ്റ്റന്റ് കൺട്രോളർ ഓഫീസുകളുടെ പ്രത്യേക പ്രവർത്തന സ്വഭാവം കണക്കിലെടുത്ത് വാടക കെട്ടിടങ്ങൾക്ക് അനുവദനീയമായ ആകെ വിസ്തീർണ്ണം 100 സ്ക്വയർ മീറ്ററായി നിജപ്പെടുത്തി പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉപഭോക്തൃകാര്യ വകുപ്പ്

സ.ഉ.(സാധാ) നം.26/2026/CAD  തീയതി,തിരുവനന്തപുരം, 05-06-2026

---

പരാമർശം:-
1. 05.02.1981-ലെ സ.ഉ.(കൈ) 113/81/RD നമ്പർ റവന്യൂ (F) വകുപ്പ് ഉത്തരവ്.
2. 10.01.2022-ലെ സ.ഉ.(കൈ) നം. 1/2022/PWD നമ്പർ പൊതുമരാമത്ത് വകുപ്പ് ഉത്തരവ്.
3. ലീഗൽ മെട്രോളജി കൺട്രോളറുടെ 05-12-2025 തീയതിയിലെ LMD-HQ/3553/2021-A4 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ലീഗൽ മെട്രോളജി വകുപ്പിന് കീഴിലുള്ള ഇൻസ്പെക്ടർ / അസിസ്റ്റന്റ് കൺട്രോളർ ഓഫീസുകളുടെ പ്രവർത്തനത്തിനായി സ്വകാര്യ കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുമ്പോൾ, പൊതുമരാമത്ത് വകുപ്പ് നിലവിലെ മാനദണ്ഡമനുസരിച്ച് (പരാമർശം 2) ഓഫീസിലെ ജീവനക്കാരുടെ എണ്ണം മാത്രം അടിസ്ഥാനമാക്കിയാണ് വിസ്തീർണ്ണവും വാടകയും നിശ്ചയിച്ച് വരുന്നത്. ഈ രീതിയിൽ അനുവദിക്കുന്ന കുറഞ്ഞ വിസ്തീർണ്ണം ലീഗൽ മെട്രോളജി ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് ഒട്ടും പര്യാപ്തമല്ലെന്ന് ലീഗൽ മെട്രോളജി കൺട്രോളർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ലീഗൽ മെട്രോളജി ഓഫീസുകളിൽ ജീവനക്കാരുടെ സ്ഥലസൗകര്യത്തിനു പുറമെ, അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനുള്ള 'വർക്കിംഗ് സ്റ്റാൻഡേർഡ് ലബോറട്ടറി', വ്യാപാര സ്ഥാപനങ്ങളിലെ ഉപകരണങ്ങൾ കാർഡുകൾ സഹിതം പരിശോധിക്കുന്നതിനുള്ള ക്യാമ്പ് സൗകര്യം, എൻഫോഴ്സ്മെന്റിന്റെ ഭാഗമായി വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും പിടിച്ചെടുക്കുന്ന അളവ് തൂക്ക ഉപകരണങ്ങളും തെളിവ് സാമഗ്രികളായ പാക്കറ്റുകളും മറ്റ് ഉത്പന്നങ്ങളും സുരക്ഷിതമായി സൂക്ഷിക്കാനുള്ള സൗകര്യം എന്നിവ അത്യാവശ്യമാണ്. ഈ പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഒരു ഓഫീസിന് 100 സ്ക്വയർ മീറ്റർ ഏരിയ അനുവദിച്ചിട്ടുള്ളതുമാണ്.

പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള വാടക നിർണ്ണയ ഉത്തരവിലെ (പരാമർശം 2)

അപ്പൻഡിക്സ് 2 പ്രകാരമുള്ള നിബന്ധനകൾക്ക് ഉപരിയായി, വകുപ്പുകളുടെ പ്രത്യേക സ്വഭാവം അനുസരിച്ച് അധിക സ്ഥലം ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ട ഭരണ വകുപ്പ് ആവശ്യമായ ആകെ അനുവദനീയമായ വിസ്തീർണ്ണം വ്യക്തമാക്കി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. മുൻകാല ഉത്തരവിലെ അവ്യക്തതകൾ ഒഴിവാക്കാനും പൊതുമരാമത്ത് വകുപ്പിന്റെ നിബന്ധനകളിലെ ഇരട്ടിപ്പ് ഇല്ലാതാക്കാനും ഭരണ വകുപ്പിന്റെ വ്യക്തമായ പൊതു ഉത്തരവ് ആവശ്യമായി വന്നിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഗൽ മെട്രോളജി ഇൻസ്പെക്ടർ / അസിസ്റ്റന്റ് കൺട്രോളർ ഓഫീസുകളുടെ പ്രത്യേക പ്രവർത്തന രീതി, ലബോറട്ടറി സൗകര്യങ്ങൾ, എൻഫോഴ്സ്മെന്റ് സാമഗ്രികൾ സൂക്ഷിക്കാനുള്ള സ്ഥലം എന്നിവ പൂർണ്ണമായി കണക്കിലെടുത്ത് ലീഗൽ മെട്രോളജി വകുപ്പിലെ എല്ലാ ഇൻസ്പെക്ടർ ഓഫീസുകൾക്കും അസിസ്റ്റന്റ് കൺട്രോളർ ഓഫീസുകൾക്കും പ്രവർത്തന ആവശ്യങ്ങൾക്കായി വാടകയ്ക്ക് എടുക്കുന്ന കെട്ടിടങ്ങൾക്ക് 100 സ്ക്വയർ മീറ്റർ (100 $m^2$) വിസ്തീർണ്ണം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRASANTH G S
അണ്ടർ സെക്രട്ടറി

കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുമരാമത്ത് വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി.
കരുതൽ ഫയൽ / ഓഫീസ് കോപ്പി (CA2/195/2025-CAD).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ